"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - ജീവനക്കാര്യം - പഴയന്നൂർ ഗ്രാമന്യായാലയത്തിൽ രണ്ടാം തരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റായിരുന്ന ശ്രീ. ഫിറോസ് എം - ന്റെ മകന്റെ ചികിത്സയ്ക്കായി അനുവദിച്ച പലിശ രഹിത ചികിത്സാ വായ്പ ക്രമീകരിക്കുന്നത്- പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(എൽ) വകുപ്പ്**

**സ.ഉ.(കൈ) നം.138/2022/HOME തീയതി,തിരുവനന്തപുരം, 08-07-2022**

---

പരാമർശം:-

1. 18.09.2018 ലെ സ.ഉ.(സാധാ) നം.2688/2018/ആഭ്യന്തരം നമ്പർ ഉത്തരവ്.
2. ശ്രീ. ഫിറോസ് എം. സമർപ്പിച്ച നിവേദനം
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 9/3/2021-ലെ എം.ആർ2/87045/2020/ആവഡ നമ്പർ കത്ത്.
4. ഹൈക്കോടതി ഡിസ്ട്രിക്ട് ജുഡീഷ്യറി വിഭാഗം രജിസ്ട്രാറുടെ 09.08.2019, 25.08.2020 തീയതികളിലെ ഐ-3/63043/2018 നമ്പർ കത്തുകൾ

**ഉത്തരവ്**

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം പഴയന്നൂർ ഗ്രാമന്യായാലയത്തിൽ രണ്ടാം തരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റായിരുന്ന ശ്രീ. ഫിറോസ് എം - ന്റെ മകന്റെ എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അന്റ് റിസർച്ച് സെന്ററിൽ 'Chemotherapy and bone marrow transplantation' ചികിത്സയ്ക്കായി 12,00,000/-(പന്ത്രണ്ട് ലക്ഷം) രൂപ മാത്രം പലിശ രഹിത വായ്പയായി അനുവദിച്ചിരുന്നു.

2) ഹൈക്കോടതി ഡിസ്ട്രിക്ട് ജുഡീഷ്യറി വിഭാഗം രജിസ്ട്രാറുടെ 09.08.2019 ലെ കത്തിലൂടെ, അടിയന്തിര ചികിത്സ ആവശ്യമായ സാഹചര്യത്തിൽ, അധികാരികളിൽനിന്നും അനുമതി ലഭിക്കുന്നതിന് മുൻപ് രോഗിയായ മകനെ 5.02.2019 ൽ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽനിന്നും, തമിഴ് നാട്ടിലെ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ സെന്ററിലേയ്ക്ക് മാറ്റിയതായും, അനുമതിയില്ലാതെ രോഗിയെ ആശുപത്രി മാറ്റിയത് മാപ്പാക്കണമെന്നും വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ സെന്ററിൽ ചികിത്സ തുടരുന്നതിന് അനുമതി നൽകണമെന്നും ഭാവിയിൽ പലിശ രഹിത ചികിത്സാ വായ്പ ക്രമീകരിക്കുന്നതിന് അമൃത ഹോസ്പിറ്റലിലേയും വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ സെന്ററിലേയും ബില്ലുകൾ സ്വീകരിക്കണമെന്നും അപേക്ഷിച്ചു കൊണ്ട് ശ്രീ. ഫിറോസ് സമർപ്പിച്ച നിവേദനം, രജിസ്ട്രാർ, സർക്കാരിൽ സമർപ്പിച്ചു.

3) സർക്കാർ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഫിറോസ് എം.-ന് അനുവദിച്ച പലിശ രഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി രണ്ട് ആശുപത്രികളിൽ നിന്നുമുള്ള ഉപയുക്തതാ സർട്ടിഫിക്കറ്റുകൾ സഹിതം മെഡിക്കൽ റീഇംപേഴ്സ്മെന്റ് അപേക്ഷയും അനുബന്ധരേഖകളും ലഭ്യമാക്കുവാൻ ഹൈക്കോടതി രജിസ്ട്രാറോട് അഭ്യർത്ഥിച്ചു. അതിൻ പ്രകാരം ഹൈക്കോടതി രജിസ്ട്രാർ രണ്ട് മെഡിക്കൽ റീഇംപേഴ്സ്മെന്റ് അപേക്ഷകളും അനുബന്ധരേഖകളും 18.09.2018 ലെ സ.ഉ(സാധാ) നം.2688/2018/ആഭ്യന്തരം നമ്പർ ഉത്തരവിലൂടെ ശ്രീ. ഫിറോസിന് അനുവദിച്ച പലിശ രഹിത ചികിൽസാ

വായ്പയുടെ ക്രമീകരണത്തിനായി സർക്കാരിൽ ലഭ്യമാക്കി. ആദ്യ അപേക്ഷയിൽ എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്ററിൽ 31.10.2018 മുതൽ 18.12.2018 വരെ കാലയളവിൽ മകന്റെ ചികിത്സയ്ക്കായി ചെലവായ 1,24,374/- രൂപയും രണ്ടാമത്തെ അപേക്ഷയിൽ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ സെന്ററിൽ 02.02.2019 മുതൽ 10.10.2019 വരെ കാലയളവിൽ ചെലവായ 7,23,950/- രൂപയുമാണ് ക്ലെയിം ചെയ്തിരുന്നത്.

4) പരാമർശം 3 പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ മാസ്റ്റർ അംജദിന്റെ എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ സെന്റർ എന്നിവിടങ്ങളിലെ ചികിത്സയ്ക്കാക്കായി യഥാക്രമം 85, 643/- രൂപയുടെയും 4,36,196/- രൂപയുടെയും അനുവദനീയത അറിയിച്ചു.

5) പലിശ രഹിത വായ്പയിൽ ഉപയോഗിക്കാതെ അവശേഷിച്ച 3,51,676/- രൂപ ശ്രീ. ഫിറോസ് 30.10.2019 ൽ മഞ്ചേരി സബ് ട്രഷറിയിൽ തിരിച്ചടയ്ക്കുകയുണ്ടായി. ഇതിനിടെ മാസ്റ്റർ അംജദ് 17.06.2021 ൽ മരണപ്പെട്ടിരുന്നു.

6) 1960 ലെ KGSMA ചട്ടങ്ങൾ പ്രകരം ശ്രീ. ഫിറോസ്.എം-ന്റെ മകന് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ 31.10.2018 മുതൽ 18.12.2018 വരെയുള്ള കാലയളവിൽ ചികിത്സയ്ക്ക് ചെലവായ തുകയിൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിയ്ക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയായ 85,643/- രൂപയുടെ 80% തുകയായ 68,514/- രൂപ (അറുപത്തി എട്ടായിരത്തി അഞ്ഞൂറ്റി പതിനാല് രൂപാ മാത്രം) മാത്രമേ സൂചന 1-ലെ ഉത്തരവ് പ്രകാരം അനുവദിച്ച 12,00,000/- രൂപയുടെ പലിശരഹിത ചികിത്സാവായ്പയിൽ ക്രമീകരിക്കാൻ സാധിക്കുകയുള്ളൂ . എന്നിരുന്നാലും, ശ്രീ ഫിറോസ് എം.-ന്റെ നിലവിലെ അവസ്ഥ പരിഗണിച്ച് വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച്, മാനുഷിക പരിഗണന നൽകി, 1960 ലെ KGSMA റൂളുകളിൽ ഇളവ് നൽകി, 02.02.2019 മുതൽ 10.10.2019 വരെ കാലയളവിൽ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ ചികിത്സയ്ക്കായി ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള തുകയായ 4,36,196/- രൂപയുടെ 80% ആയ **3,48,957/- രൂപയും** (മൂന്നു ലക്ഷത്തി നാല്പത്തിയെട്ടായിരത്തി തൊള്ളായിരത്തി അമ്പത്തിയേഴ് രൂപ മാത്രം ) കൂടി മേൽ പരാമർശിച്ച കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ 31.10.2018 മുതൽ 18.12.2018 വരെയുള്ള കാലയളവിൽ ചികിത്സയ്ക്ക് ചെലവായ **68,514/- രൂപയും** (അറുപത്തി എട്ടായിരത്തി അഞ്ഞൂറ്റി പതിനാല് രൂപാ മാത്രം) ചേർത്ത് **4,17,471/-രൂപ** (നാലു ലക്ഷത്തി പതിനേഴായിരത്തി നാന്നൂറ്റി എഴുപത്തിയൊന്ന് രൂപ മാത്രം) സൂചന ഒന്നിലെ പലിശ രഹിത ചികിൽസ വായ്പയുടെ ക്രമീകരണത്തിനായി ഉപയോഗിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഹൈക്കോടതി രജിസ്ട്രാർ (ഡിസ്ട്രിക്ട് ജുഡീഷ്യറി), കൊച്ചി (ആമുഖകത്ത് സഹിതം)
ശ്രീ. ഫിറോസ് എം, രണ്ടാം തരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഗ്രാമന്യായാലയം,

പഴയന്നൂർ(ഹൈക്കോടതി രജിസ്ട്രാർ (ഡിസ്ട്രിക്ട് ജുഡീഷ്യറി) മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം]
പൊതുഭരണ (എസ്.സി) വകുപ്പ് (6/7/2022-ലെ മന്ത്രിസഭാ തീരുമാനം ഇനം നം.893 )
ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് ( 14.02.2020 ലെ G2/1 784/2019/H&FWD) നമ്പർ അനൗദ്യോഗിക കത്ത് പ്രകാരം)
ധനകാര്യ വകുപ്പ് (04.05.2022ലെ 943422/എൽ3/510/2018-ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Narendra Varma R**
**Date: 11-07-2022 09:17:17**

സെക്ഷൻ ഓഫീസർ

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 06-07-2022

ഫയൽ നം. എൽ1/176/2020/ആഭ്യന്തരം. ഇനം നം: 893

വിഷയം : ആഭ്യന്തര വകുപ്പ് - മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് പഴയന്നൂർ ഗ്രാമന്യായാലയത്തിൽ രണ്ടാം തരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റായിരുന്ന ശ്രീ. ഫിറോസ് എം-ന്റെ മകൻ (Late) അംജദിന്റെ ചികിത്സയ്ക്കായി അനുവദിച്ച പലിശ രഹിത ചികിത്സാ വായ്പ ക്രമീകരിക്കുന്നതിന് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ നടത്തിയ ചികിത്സയ്ക്കായി ചിലവായ തുകയിൽ, ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള തുകയുടെ 80% കൂടി പലിശ രഹിത ചികിത്സാ വായ്പയുടെ ക്രമീകരണത്തിനായി ഉപയോഗിക്കുവാൻ അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Office of the Addl. Chief Secretary, Home & Vigilance Dept. Govt. of Kerala 07/7/22

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

893

## കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എൽ1/176/2020/ആഭ്യന്തരം |
| 2. | വകുപ്പ് | ആഭ്യന്തരം (എൽ) വകുപ്പ് |
| 3. | വിഷയം | മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് പഴയന്നൂർ ഗ്രാമന്യായാലയത്തിൽ രണ്ടാം തരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റായിരുന്ന ശ്രീ. ഫിറോസ് എം ന്റെ മകൻ (Late)അംജദിന്റെ ചികിത്സയ്ക്കായി അനുവദിച്ച പലിശ രഹിത ചികിത്സാ വായ്പ ക്രമീകരിക്കുന്നതിന് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ നടത്തിയ ചികിത്സയ്ക്കായി ചിലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള തുകയുടെ 80% കൂടി പലിശ രഹിത ചികിത്സാ വായ്പയുടെ ക്രമീകരണത്തിനായി ഉപയോഗിക്കുവാൻ അനുമതി നൽകുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിന് സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 20.06.2022 |
| 5. | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്? | ബീന. പി.എസ് |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്? | ശ്രീ. ടി.കെ ജോസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24.06.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി. പി ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25.06.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 01.07.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 02.07.2022 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പഴയന്നൂർ ഗ്രാമന്യായാലയത്തിൽ രണ്ടാം തരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റായിരുന്ന ശ്രീ. ഫിറോസ് എം - ന്റെ മകന്റെ ചികിത്സയ്ക്കായി അനുവദിച്ച പലിശ രഹിത ചികിത്സാ വായ്പ ക്രമീകരിക്കുന്നതിന് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ നടത്തിയ ചികിത്സയ്ക്കായി ചിലവായ തുക കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് മന്ത്രിസഭയുടെ അംഗീകാരം തേടുന്നതിനുള്ളതാണ് ഈ കുറിപ്പ്.

2. 18.09.2018 ലെ സ.ഉ(സാധാ) നം.2688/2018/ആഭ്യന്തരം നമ്പർ ഉത്തരവിലൂടെ പഴയന്നൂർ ഗ്രാമന്യായാലയത്തിൽ രണ്ടാം തരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റായിരുന്ന ശ്രീ. ഫിറോസ് എം ന്റെ മകൻ മാസ്റ്റർ അംജദ് ഫിറോസിന് എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്ററിൽ 'Chemotherapy and bone marrow transplantation 'ചികിത്സയ്ക്കായി 12,00,000/- (പന്ത്രണ്ട് ലക്ഷം) രൂപ മാത്രം പലിശ രഹിത ചികിൽസാ വായ്പയായി അനുവദിച്ചിരുന്നു.

3. ഹൈക്കോടതി ഡിസ്ട്രിക്ട് ജുഡീഷ്യറി വിഭാഗം രജിസ്ട്രാറുടെ 09.08.2019 ലെ കത്തിലൂടെ, അടിയന്തിര ചികിത്സ ആവശ്യമായ സാഹചര്യത്തിൽ, അധികാരികളിൽനിന്നും അനുമതി ലഭിക്കുന്നതിന് മുൻപ് രോഗിയായ മകനെ 5.02.2019 ൽ അമൃതയിൽ നിന്നും, തമിഴ് നാട്ടിലെ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ സെന്ററിലേയ്ക്ക് മാറ്റിയതായും, അനുമതിയില്ലാതെ രോഗിയെ ആശുപത്രി മാറ്റിയത് മാപ്പാക്കണമെന്നും വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ സെന്ററിൽ ചികിത്സ തുടരുന്നതിന് അനുമതി നൽകണമെന്നും ഭാവിയിൽ പലിശ രഹിത ചികിത്സാ വായ്പ ക്രമീകരിക്കുന്നതിന് അമൃത ഹോസ്പിറ്റലിലേയും വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ സെന്ററിലേയും ബില്ലുകൾ സ്വീകരിക്കണമെന്നും അപേക്ഷിച്ചു കൊണ്ട് ശ്രീ. ഫിറോസ് സമർപ്പിച്ച നിവേദനം, രജിസ്ട്രാർ, സർക്കാറിൽ സമർപ്പിച്ചു.

4. ഈ വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന് കൈമാറുകയും ടി വകുപ്പ് ചുവടെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.

" *This Department agrees to accord ex-post facto sanction for the chemotherapy and bone marrow transplantation treatment of Master Amjad Firos, S/o Sri.Firos.M, Confidential Assistant, Grama Nyalaya, Pazhayannur at CMC, Vellore as a special case in relaxation of existing KGSMA Rules, 1960 so as to reimburse 80% of the admissible amount verified by the Director of Health Services,Thiruvananthapuram at Government rate, with the concurrence of Finance Department. Administrative Department is also permitted to utilise the amount to settle the IFMA sanctioned to the applicant as per G.O(Rt) No.2688/2018/Home dated 18/09/2018, with the concurrence of Finance Department."*

5. ആരോഗ്യ വകുപ്പിന്റെ മേൽ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 18.09.2018 ലെ സ.ഉ(സാധാ) നം.2688/2018/ആഭ്യന്തരം നമ്പർ ഉത്തരവിലൂടെ ശ്രീ. ഫിറോസിന് അനുവദിച്ച പലിശ രഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി രണ്ട് ആശുപത്രികളിൽ നിന്നുമുള്ള ഉപയുക്തസർട്ടിഫിക്കറ്റുകൾ സഹിതം മെഡിക്കൽ റീഇംപേഴ്സ്മെന്റ് അപേക്ഷയും അനുബന്ധരേഖകളും ലഭ്യമാക്കുവാൻ സർക്കാർ ഹൈക്കോടതി രജിസ്ട്രാറോട് അഭ്യർത്ഥിച്ചു.

6. അതിൻ പ്രകാരം ഹൈക്കോടതി രജിസ്ട്രാർ രണ്ട് മെഡിക്കൽ റീഇംപേഴ്സ്മെന്റ് അപേക്ഷകളും അനുബന്ധരേഖകളും 18.09.2018 ലെ സ.ഉ(സാധാ) നം.2688/2018/ആഭ്യന്തരം നമ്പർ ഉത്തരവിലൂടെ ശ്രീ. ഫിറോസിന് അനുവദിച്ച പലിശ രഹിത ചികിൽസാ വായ്പയുടെ ക്രമീകരണത്തിനായി സർക്കാരിൽ ലഭ്യമാക്കി. ആദ്യ അപേക്ഷയിൽ എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്ററിൽ 31.10.2018 മുതൽ 18.12.2018 വരെ കാലയളവിൽ മകന്റെ ചികിത്സയ്ക്കായി ചെലവായ 1,24,374/- രൂപ ഉൾപ്പെട്ടിരുന്നു. രണ്ടാമത്തെ അപേക്ഷയിൽ

വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ സെന്ററിൽ 02.02.2019 മുതൽ 10.10.2019 വരെ കാലയളവിൽ ചിലവായ 7,23,950/- രൂപയാണ് ക്ലെയിം ചെയ്തിരുന്നത്.

7. മേൽ അപേക്ഷകൾ ആരോഗ്യവകുപ്പ് ഡയറക്ടർ ആധികാരികമായി പരിശോധിക്കുകയും മാസ്റ്റർ അംജദിന്റെ എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ സെന്റർ എന്നിവിടങ്ങളിലെ ചികിത്സയ്ക്കാക്കായി യഥാക്രമം 85, 643/- രൂപയുടെയും 4,36,196/- രൂപയുടെയും അനുവദനീയത അറിയിക്കുകയും ചെയ്തു.

8. പലിശ രഹിത വായ്പയിൽ ഉപയോഗിക്കാതെ അവശേഷിച്ച 3,51,676/- രൂപ ശ്രീ. ഫിറോസ് 30.10.2019 ൽ മഞ്ചേരി സബ് ട്രഷറിയിൽ തിരിച്ചടയ്ക്കുകയുണ്ടായി.

9. ചികിത്സയ്ക്കായി പലിശ രഹിത വായ്പ അനുവദിക്കപ്പെട്ട മാസ്റ്റർ അംജദ് 17.06.2021 ൽ മരണപ്പെട്ടു

10. ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് കൈമാറിപ്പോൾ ടി വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

"ആഭ്യന്തര വകുപ്പിൽ പഴയന്നൂർ ഗ്രാമ ന്യായാലയത്തിൽ രണ്ടാം തരം കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റ് ആയ ശ്രീ. ഫിറോസ്.എം-ന്റെ മകന് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ 31.10.2018 മുതൽ 18.12.2018 വരെയുള്ള കാലയളവിൽ ചികിത്സയ്ക്ക് ചെലവായ തുകയിൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിയ്ക്കാമെന്ന് അറിയിച്ചിരിക്കുന്ന 85,643/- രൂപയുടെ 80% ആയ 68,514/- രൂപ (അറുപത്തി എട്ടായിരത്തി അഞ്ഞൂറ്റി പതിനാല് രൂപാ മാത്രം) 18/09/2018 - ലെ G.O (Rt) No.2688/2018/Home നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച 12,00,000/- രൂപയുടെ പലിശരഹിത ചികിത്സാവായ്പയിൽ ക്രമീകരിക്കാവുന്നതും, മേൽപറഞ്ഞ 68,514/- രൂപയും ടിയാൻ ട്രഷറിയിൽ തിരിച്ചടവാക്കിയ 3,51,676/- രൂപയും കൂട്ടുമ്പോൾ കിട്ടുന്ന തുകയായ

4,20,190/- രൂപ വായ്പ തുകയായ 12,00,000/- രൂപയിൽ നിന്നും കിഴിച്ച് ബാക്കിയുള്ള 7,79,810/- രൂപ (ഏഴ് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി എണ്ണൂറ്റി പത്ത് രൂപാ മാത്രം) ട്രഷറിയിൽ അടവാക്കി ചെലാൻ ഹാജരാക്കിയ ശേഷം പ്രസ്തുത പലിശരഹിത ചികിത്സാ വായ്പ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

11. ധനകാര്യ വകുപ്പിന്റെ മുൻ ഖണ്ഡിക അഭിപ്രായത്തിൽ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ സെന്ററിലെ ചികിത്സയ്ക്ക് ചെലവായ തുക ഉൾപ്പെടാത്ത സാഹചര്യത്തിൽ ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട കാര്യം</u>**

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, മാനുഷിക പരിഗണന നൽകി, 1960 ലെ KGSMA റൂളുകളിൽ ഇളവ് നൽകി, പഴയന്നൂർ ഗ്രാമന്യായാലയത്തിൽ രണ്ടാം തരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റായിരുന്ന ശ്രീ.ഫിറോസിന്റെ മകൻ മാസ്റ്റർ അംജദിന്റെ (Late) ചികിത്സയ്ക്കായി 02.02.2019 മുതൽ 10.10.2019 വരെ കാലയളവിൽ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ, ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള തുകയുടെ 80% കൂടി 18.09.2018 ലെ സ.ഉ(സാധാ) നം.2688/2018/ആഭ്യന്തരം നമ്പർ ഉത്തരവിലൂടെ അനുവദിച്ച പലിശ രഹിത ചികിൽസ വായ്പയുടെ ക്രമീകരണത്തിനായി ഉപയോഗിക്കുവാൻ അനുമതി നൽകാമോ?